| 06-04-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ശ്രീമതമനുസരിച്ച് നല്ല സേവനം ചെയ്യുന്നവർക്ക് തന്നെയാണ് രാജപദവിയുടെ സമ്മാനം ലഭിക്കുന്നത്, നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയുടെ സഹായികളായിരിക്കുകയാണ് അതുകൊണ്ട് നിങ്ങൾക്ക് വളരെ വലിയ സമ്മാനം ലഭിക്കുന്നു.**

**ചോദ്യം:** ഏത് കുട്ടികളുടെ മുന്നിലാണ് ബാബ വളരെ നല്ല രീതിയിൽ ജ്ഞാനത്തിന്റെ നൃത്തം ചെയ്യുന്നത്?
**ഉത്തരം :** ജ്ഞാനത്തിനോട് താത്പര്യവും യോഗത്തിന്റെ ലഹരിയുമുള്ളവരുടെ മുന്നിൽ ബാബ വളരെ നല്ല രീതിയിൽ ജ്ഞാനത്തിന്റെ നൃത്തം ചെയ്യുന്നു. വിദ്യാർത്ഥികൾ നമ്പർവാറാണ്. എന്നാൽ ഇത് വളരെ അതിശയകരമായ സ്കൂളാണ്. ചിലരിൽ അല്പം പോലും ജ്ഞാനമില്ല, ഭാവന മാത്രമാണുള്ളത്, ആ ഭാവനയുടെ ആധാരത്തിലും സമ്പത്തിന്റെ അധികാരിയായി മാറുന്നു.

**ഓംശാന്തി.** ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കി തരുന്നു, ഇതിനെയാണ് ആത്മീയ ജ്ഞാനം അഥവാ സ്പിരിചൽ നോളേജ് എന്ന് പറയുന്നത്. സ്പിരിചൽ നോളേജ് ഒരു ബാബയിൽ മാത്രമാണുള്ളത് മറ്റൊരു മനുഷ്യനിലും ആത്മീയ ജ്ഞാനം ഇല്ല. ആത്മീയ ജ്ഞാനം നല്കുന്നവൻ ഒരാൾ തന്നെയാണ്, ആ ആളിനെയാണ് ജ്ഞാനത്തിന്റെ സാഗരം എന്ന് വിളിക്കുന്നത്. ഓരോ മനുഷ്യനിലും അവരവരുടേതായ വിശേഷതകൾ ഉണ്ടായിരിക്കുമല്ലോ അല്ലേ. വക്കീൽ വക്കീലാണ്. ഡോക്ടർ ഡോക്ടറാണ്. ഓരോരുത്തരുടേയും കർത്തവ്യവും പാർട്ടും വേറെ വേറെയാണ്. ഓരോ ആത്മാവിനും അവരവരുടേതായ പാർട്ട് ലഭിച്ചിട്ടുണ്ട് പിന്നെ അവിനാശിയായ പാർട്ടാണ്. ആത്മാവ് എത്ര ചെറുതാണ്. അതിശയം തന്നെയല്ലേ. ഭൃകുടി മദ്ധ്യത്തിൽ തിളങ്ങുന്ന അത്ഭുത നക്ഷത്രം...... ഇങ്ങനെ പാടുന്നുമുണ്ട്. നിരാകാരനായ ആത്മാവിന്റെ സിംഹാസനമാണ് ഈ ശരീരം എന്നും പറയുന്നു. വളരെ ചെറിയ ബിന്ദുവാണ്. എല്ലാ ആത്മാക്കളും അഭിനേതാക്കളാണ്. ഒരു ജന്മത്തിലെ ലക്ഷണങ്ങളായിരിക്കില്ല അടുത്ത ജന്മത്തിൽ, ഒരു ജന്മത്തിലെ പാർട്ടായിരിക്കില്ല അടുത്ത ജന്മത്തിൽ. നമ്മൾ മുൻപ് എന്തായിരുന്നു പിന്നെ ഭാവിയിൽ എന്താകും ഇതൊന്നും ആർക്കും അറിയില്ല. ഇത് ബാബയാണ് സംഗമത്തിലിരുന്ന് മനസ്സിലാക്കി തരുന്നത്. അതിരാവിലെ നിങ്ങൾ ഓർമ്മയുടെ യാത്രയിലിരിക്കുകയാണ് അപ്പോൾ മങ്ങിപ്പോയ ആത്മാവ് തിളക്കമുള്ളതാകുന്നു കാരണം ആത്മാവിൽ വളരെയധികം അഴുക്ക് പിടിച്ചിരിക്കുകയാണ്. ബാബ സ്വർണ്ണപ്പണിക്കാരന്റെ ജോലിയും ചെയ്യുന്നു. അഴുക്ക് പിടിച്ചിരിക്കുന്ന പതീത ആത്മാക്കളെ പവിത്രമാക്കുന്നു. അഴുക്ക് പിടിച്ചിരിക്കുകയല്ലേ. വെള്ളി, ചെമ്പ്, ഇരുമ്പ് അങ്ങനെയുള്ള പേരുകളുമുണ്ട്. ഗോൾഡൻ ഏജ്, സിൽവർ ഏജ്..........സതോപ്രധാനം, സതോ, രജോ, തമോ......... ഈ കാര്യങ്ങൾ മറ്റൊരു മനുഷ്യനോ ഗുരുവോ പറഞ്ഞ് തരില്ല. ഒരു സത്ഗുരു തന്നെയാണ് പറഞ്ഞ് തരുന്നത്. സത്ഗുരുവിന്റെ അകാല സിംഹാസനം എന്ന് പറയുന്നുണ്ടല്ലോ അല്ലേ. ആ സത്ഗുരുവിനും സിംഹാസനം ആവശ്യമാണ്. നിങ്ങൾ ആത്മാക്കൾക്ക് അവരവരുടേതായ സിംഹാസനമുണ്ട്, ബാബയ്ക്ക് സിംഹാസനം എടുക്കേണ്ടതായുണ്ട്. ബാബ പറയുന്നു, ഞാൻ ഏത് സിംഹാസനമാണ് എടുക്കുന്നത് എന്ന് ഈ ലോകത്തിൽ ആർക്കും അറിയില്ല. അവർ അറിയില്ല അറിയില്ല എന്നാണ് പറയുന്നത്. നമുക്ക് അറിയില്ല. നിങ്ങൾ കുട്ടികൾക്കും അറിയാം ആദ്യം നമ്മളും ഒന്നും അറിഞ്ഞിരുന്നില്ല. ഒന്നും മനസ്സിലാക്കാത്തവരെ ബുദ്ധിയില്ലാത്തവർ എന്നാണ് വിളിക്കുന്നത്. ഭാരതവാസികൾക്കറിയാം നമ്മൾ വളരെ ബുദ്ധിശാലികളായിരുന്നു. നമുക്കായിരുന്നു വിശ്വത്തിന്റെ രാജ്യഭാഗ്യമുണ്ടായിരുന്നത്. ഇപ്പോൾ ബുദ്ധിയില്ലാത്തവരായി മാറിയിരിക്കുന്നു. ബാബ പറയുന്നു നിങ്ങൾ എന്തൊക്കെ ശാസ്ത്രങ്ങൾ പഠിച്ചിട്ടുണ്ടോ ഇപ്പോൾ അതെല്ലാം മറക്കൂ. എന്നെ മാത്രം ഓർമ്മിക്കൂ. കുടുംബത്തിലിരുന്നോളൂ. സന്യാസിമാരുടെ അനുയായികളും അവരവരുടെ വീടുകളിലാണ് താമസിക്കുന്നത്. ചില സത്യമായ അനുയായികൾ അവരോടൊപ്പം താമസിക്കുന്നു. മറ്റുള്ളവർ എവിടെയെങ്കിലുമൊക്കെ താമസിക്കുന്നു. ഈ കാര്യങ്ങൾ ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. ഇതിനെയാണ് ജ്ഞാന നൃത്തം എന്ന് പറയുന്നത്. യോഗം സൈലൻസാണ്. ജ്ഞാനത്തിന്റെ നൃത്തമാണ് നടക്കുന്നത്. യോഗത്തിൽ തികച്ചും ശാന്തമായിരിക്കണം. ഡെഡ് സൈലൻസ് എന്ന് പറയാറുണ്ടല്ലോ അല്ലേ. മൂന്ന് മിനിട്ട് ഡെഡ് സൈലൻസ്. എന്നാൽ അതിന്റെ അർത്ഥവും ആരും അറിയുന്നില്ല. സന്യാസിമാർ ശാന്തിക്ക് വേണ്ടി കാട്ടിൽ പോകുന്നു, പക്ഷേ അവിടെ ഒരിയ്ക്കലും ശാന്തി ലഭിക്കില്ല. ഒരു കഥയുണ്ട് റാണിയുടെ കഴുത്തിലെ മാല..... ഇത് ശാന്തിയുടെ ഉദാഹരണമാണ്. ഈ സമയം ബാബ മനസ്സിലാക്കി തരുന്ന കാര്യങ്ങൾ, ആ ഉദാഹരണങ്ങൾ പിന്നെ ഭക്തീമാർഗ്ഗത്തിൽ നടന്ന് വരുന്നു. ബാബ ഈ സമയം പഴയ ലോകത്തെ മാറ്റി പുതിയ ലോകം ഉണ്ടാക്കുന്നു. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കുന്നു. ഇത് നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ ലോകം തന്നെ തമോപ്രധാനവും പതീതവുമാണ് കാരണം സർവ്വരും വികാരങ്ങളിലൂടെയാണ് ജനിക്കുന്നത്.

ദേവതകൾ വികാരത്തിലൂടെ അല്ല ജന്മം എടുക്കുന്നത്. അതിനെ സമ്പൂർണ്ണ നിർവ്വികാരി ലോകം എന്നാണ് പറയുന്നത്. നിർവ്വികാരി ലോകം എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട് എന്നാൽ അതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങൾ തന്നെയാണ് പൂജ്യനിൽ നിന്നും പൂജാരിയായത്. ബാബയെകുറിച്ച് ഒരിക്കലും ഇങ്ങനെ പറയുന്നില്ല. ബാബ ഒരിക്കലും പൂജാരിയാകുന്നില്ല. മനുഷ്യർ ഓരോ കണങ്ങളിലും പരമാത്മാവുണ്ട് എന്ന് പറയുന്നു. ബാബ പറയുന്നു ഭാരതത്തിൽ എപ്പോഴാണോ ധർമ്മത്തിന് ഗ്ലാനി സംഭവിക്കുന്നത്......... അവർ ഈ ശ്ലോകം മാത്രം പഠിക്കുന്നു, അർത്ഥം ഒന്നും അറിയുന്നില്ല. അവർ വിചാരിക്കുന്നത് ശരീരം മാത്രമാണ് പതീതമാകുന്നത്, ആത്മാവ് പതീതമാകുന്നില്ല എന്നാണ്.

ബാബ പറയുന്നു ആദ്യം ആത്മാവ് പതീതമായി അപ്പോൾ ശരീരവും പതീതമായി. സ്വർണ്ണത്തിൽ തന്നെയാണ് അഴുക്ക് പിടിക്കുന്നത് അപ്പോൾ ആഭരണവും അങ്ങനെയുള്ളതാണ് ഉണ്ടാകുന്നത്. എന്നാൽ അതെല്ലാം ഭക്തീമാർഗ്ഗത്തിലാണ്. ബാബ പറയുന്നു ഓരോരുത്തരിലും ആത്മാവിരിക്കുകയാണ്, ജീവാത്മാവ് എന്ന് പറയുന്നുമുണ്ട്. ജീവ പരമാത്മാവ് എന്ന് പറയുന്നില്ല. മഹാൻ ആത്മാവ് എന്ന് പറയുന്നുണ്ട്, മഹാൻ പരമാത്മാവ് എന്ന് പറയുന്നില്ല. ആത്മാവ് തന്നെയാണ് പല പല ശരീരമെടുത്ത് പാർട്ട് അഭിനയിക്കുന്നത്. യോഗം തികച്ചും സൈലൻസാണ്. ഇത് ജ്ഞാനത്തിന്റെ നൃത്തമാണ്. താത്പര്യമുള്ളവരുടെ മുന്നിലാണ് ബാബയുടെ ജ്ഞാനത്തിന്റെ നൃത്തം ചെയ്യുന്നത്. ഒരാളിൽ എത്രമാത്രം ജ്ഞാനമുണ്ടെന്നും എത്രമാത്രം അവരിൽ യോഗത്തിന്റെ ലഹരിയുണ്ടെന്നും ബാബയ്ക്കറിയാം. ടീച്ചർ അറിയുമായിരിക്കുമല്ലോ. നല്ല നല്ല ഗുണവാനായിട്ടുള്ള കുട്ടികൾ ആരൊക്കെയാണെന്ന് ബാബയും അറിയുന്നുണ്ട്. നല്ല നല്ല കുട്ടികളെ തന്നെയാണ് അവിടേക്കും ഇവിടേക്കും വിളിക്കുന്നത്. കുട്ടികളിലും നമ്പർവാറാണ്. നമ്പർവാർ പുരുഷാർത്ഥമനുസരിച്ചാണ് പ്രജകളും ആകുന്നത്. ഇത് സ്കൂൾ അഥവാ പാഠശാലയാണ്. പാഠശാലയിൽ നമ്പർവാർ അനുസരിച്ചാണ് ഇരുത്തുന്നത്. ഈ കുട്ടി സമർത്ഥനാണ് ഈ കുട്ടി മീഡിയമാണ് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. ഇവിടെ പരിധിയില്ലാത്ത ക്ലാസ്സാണ്, ഇവിടെ ആരേയും നമ്പർവാറായിട്ട് ഇരുത്തുവാൻ സാധിക്കില്ല. ബാബയ്ക്കറിയാം എന്റെ മുന്നിലിരിക്കുന്ന ഇവരിൽ യാതൊരു ജ്ഞാനവും ഇല്ല എന്ന്. ഭാവന മാത്രമാണുള്ളത്. ജ്ഞാനവും ഇല്ല യോഗവും ഇല്ല. ഇത് ബാബയാണ്, ബാബയിൽ നിന്നും നമുക്ക് സമ്പത്ത് എടുക്കണം എന്ന് നിശ്ചയമുണ്ട്. സർവ്വർക്കും സമ്പത്ത് ലഭിക്കണം. എന്നാൽ രാജധാനിയിൽ നമ്പർവാറായിട്ടാണ് പദവിയുള്ളത്. വളരെ നല്ല സേവനം ചെയ്യുന്നവർക്ക് വളരെ നല്ല സമ്മാനം ലഭിക്കുന്നു. ഇവിടെ സർവ്വർക്കും സമ്മാനം കൊടുക്കുന്നു, നിർദ്ദേശം നല്കുന്നവർക്കും പ്രശ്നങ്ങളുണ്ടാക്കുന്നവർക്കുമൊക്കെ സമ്മാനം ലഭിക്കുന്നു. എങ്ങനെയാണ് വിശ്വത്തിൽ സത്യമായ ശാന്തി ഉണ്ടാകുന്നത് എന്ന് ഇപ്പോൾ നിങ്ങൾക്കറിയാം സത്യത്തിൽ എപ്പോഴാണ് വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നത് എന്ന് അവരോട് ചോദിക്കൂ. എപ്പോഴെങ്കിലും കണ്ടിട്ടോ കേട്ടിട്ടോ ഉണ്ടോ?ഏത് പ്രകാരത്തിലുള്ള ശാന്തിയാണ് ആഗ്രഹിക്കുന്നത്?എപ്പോഴാണുണ്ടാ യിരുന്നത്?നിങ്ങൾക്ക് ചോദിക്കുവാൻ സാധിക്കും കാരണം നിങ്ങൾക്ക് അറിയാം, ചോദ്യം ചോദിക്കുകയും പിന്നെ സ്വയം അറിയുകയും ചെയ്യുന്നില്ല എങ്കിൽ അവരെ എന്ത് വിളിക്കും?നിങ്ങൾ പത്രങ്ങളിലൂടെ ചോദിക്കൂ, ഏത് പ്രകാരത്തിലുള്ള ശാന്തിയാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?ശാന്തിധാമമുണ്ട് അവിടെ നമ്മൾ സർവ്വ ആത്മാക്കളും വസിക്കുന്നു. ബാബ പറയുന്നു പരസ്പരം ശാന്തിധാമത്തെ ഓർമ്മിപ്പിക്കൂ, മറ്റൊന്ന് സുഖധാമത്തെ ഓർമ്മിപ്പിക്കൂ. സൃഷ്ടി ചക്രത്തിന്റെ പൂർണ്ണമായ ജ്ഞാനം ഇല്ലാത്തത് കാരണം എത്രമാത്രം പൊങ്ങച്ചം പറഞ്ഞ് കൊണ്ടിരിക്കുന്നു. നമ്മൾ ഡബിൾ കിരീടധാരിയാവുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നമ്മൾ ദേവതയായിരുന്നു, ഇപ്പോൾ മനുഷ്യനായിരിക്കുകയാണ്. ദേവതകളെ ദേവതയെന്ന് വിളിക്കുന്നു, മനുഷ്യൻ എന്ന് വിളിക്കില്ല കാരണം ദൈവീക ഗുണങ്ങൾ ഉള്ളവരല്ലേ. അവഗുണങ്ങൾ ഉള്ളവർ പറയുന്നത് നിർഗുണനായ എന്നിൽ യാതൊരു ഗുണവും ഇല്ല എന്നാണ്. ശാസ്ത്രങ്ങളിൽ നിന്നും കേട്ട കാര്യങ്ങൾ വെറുതെ പാടികൊണ്ടിരിക്കുന്നു – അച്ചുതം കേശവം.......... തത്തയെ പഠിപ്പിക്കുന്നത് പോലെ. ബാബാ വന്ന് നമ്മൾ സർവ്വരേയും പാവനമാക്കൂ എന്ന് വിളിക്കുന്നു. ബ്രഹ്മലോകത്തെ വാസ്തവത്തിൽ ലോകം എന്ന് പറയില്ല. അവിടെ നിങ്ങൾ ആത്മാക്കളാണ് വസിക്കുന്നത്. പാർട്ട് അഭിനയിക്കുവാനുള്ള ലോകം ഇതാണ്. അത് ശാന്തിധാമമാണ്. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് തന്റെ പരിചയം നല്കുന്നു. തന്റെ ജന്മങ്ങളെ കുറിച്ച് തന്നെ അറിയാത്ത ഒരാളുടെ ശരീരത്തിലാണ് ഞാൻ വരുന്നത്. ഇദ്ദേഹവും ഇപ്പോൾ കേൾക്കുകയാണ്. ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുകയാണ്. പഴയ പതീത ലോകം രാവണന്റെ ലോകമാണ്. നമ്പർവൺ പാവനമായിരുന്നത് നമ്പർ ലാസ്റ്റ് പതീതമായിമാറിയിരിക്കുന്നു. അതിനെ തന്റെ രഥമാക്കുന്നു. ഫസ്റ്റിൽ നിന്നും ലാസ്റ്റായി മാറി. പിന്നെ ഫസ്റ്റാകണം. ബ്രഹ്മാവിലൂടെ ഞാൻ ആദി സനാതന ദേവീ ദേവതാ ധർമ്മം സ്ഥാപിക്കുന്നു എന്നത് ചിത്രത്തിലൂടെയും മനസ്സിലാക്കി തന്നു. ദേവീ ദേവതാ ധർമ്മത്തിലാണ് വരുന്നത് എന്ന് പറയില്ല. ഏത് ശരീരത്തിലാണോ വരുന്നത് അദ്ദേഹം നാരായണനാകുന്നു. വിഷ്ണുവും മറ്റാരുമല്ല. ലക്ഷ്മീ നാരായണൻ അഥവാ രാധ കൃഷ്ണന്റെ ജോടി എന്ന് പറയാം. വിഷ്ണു ആരാണെന്നതും

ആരും അറിയുന്നില്ല. ബാബ പറയുന്നു – ഞാൻ നിങ്ങൾക്ക് വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും സർവ്വ ചിത്രങ്ങളുടെയും രഹസ്യം മനസ്സിലാക്കി തരുന്നു. ഞാൻ ആരിലാണോ പ്രവേശിച്ചത് അദ്ദേഹം ഇങ്ങനെയായി മാറുന്നു. പ്രവൃത്തി മാർഗ്ഗമല്ലേ. ഈ ബ്രഹ്മാവും സരസ്വതിയും ലക്ഷ്മി നാരായണനാകുന്നു. ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ച് ബ്രാഹ്മണർക്ക് ജ്ഞാനം നല്കുന്നു. ഈ ബ്രഹ്മാവും കേൾക്കുന്നുണ്ട്. ഇദ്ദേഹമാണ് ആദ്യ നമ്പറിൽ കേൾക്കുന്നത്. ഇത് ഏററവും വലിയ നദിയായ ബ്രഹ്മപുത്രയാണ്. മേളയും സാഗരത്തിന്റെയും ബ്രഹ്മപുത്ര നദീതീരത്തുമാണ് നടക്കുന്നത്. സാഗരത്തിന്റെയും നദിയുടേയും സംഗമം നടക്കുന്ന സ്ഥലത്താണ് വളരെ വലിയ മേള നടക്കുന്നത്. ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുകയാണ്. ഇദ്ദേഹം അങ്ങനെയായി മാറുന്നു. ഇദ്ദേഹത്തിന് ബ്രഹ്മാവിൽ നിന്നും വിഷ്ണുവാകുന്നതിനു ഒരു സെക്കന്റാണെടുക്കുന്നത്. സാക്ഷാത്ക്കാരം ലഭിച്ചപ്പോൾ തന്നെ പെട്ടെന്ന് നിശ്ചയമായി –ഞാൻ ഇതാകുവാൻ പോവുകയാണ്. വിശ്വത്തിന്റെ അധികാരിയാകുവാൻ പോകുന്നു. ഈ തുച്ഛമായത് എന്ത് ചെയ്യും? സർവ്വതും ഉപേക്ഷിച്ചു. നിങ്ങൾക്കും ആദ്യം മനസ്സിലായി – ബാബ വന്നിരിക്കുകയാണ്, ഈ ലോകം നശിക്കുവാൻ പോകുന്നു അതുകാരണം പെട്ടെന്ന് ഓടി വന്നു. ബാബയല്ല കൊണ്ട് വന്നത്. അതെ, ഭട്ഠി നടത്തണമായിരുന്നു. കൃഷ്ണൻ തട്ടികൊണ്ട് വന്നു എന്ന് പറയുന്നുണ്ട്. ശരി കൃഷ്ണൻ തട്ടികൊണ്ട് വന്നെങ്കിലും മഹാറാണിയാക്കുകയല്ലേ ചെയ്തത്. ഈ ജ്ഞാനത്തിലൂടെ വിശ്വത്തിന്റെ മഹാരാജാവും മഹാറാണിയും ആവുകയാണ്. ഇത് നല്ലത് തന്നെയാണ്. ഇതിൽ ചീത്തപേര് കേൾക്കേണ്ട ആവശ്യമേയില്ല. കളങ്കം ചാർത്തുമ്പോഴാണ് തൂവൽ വെച്ച കിരീടധാരിയാകുന്നത് എന്നും പറയുന്നു. ശിവബാബയുടെ മേലാണ് കളങ്കം ചാർത്തുന്നത്. എത്രമാത്രം നിന്ദിക്കുകയാണ്. നമ്മൾ ആത്മാവ് തന്നെയാണ് പരമാത്മാവ്, പരമാത്മാവ് തന്നെയാണ് നമ്മൾ ആത്മാവ് എന്ന് പറയുന്നു. ഇപ്പോൾ ബാബ പറയുന്നു – അങ്ങനെയല്ല. നമ്മൾ ആത്മാവ് ഇപ്പോൾ ബ്രാഹ്മണനായിരിക്കുകയാണ്. ഏറ്റവും ഉയർന്ന കുലം ബ്രാഹ്മണരുടേതാണ്. ഇതിനെ വംശാവലിയെന്ന് പറയില്ല. വംശാവലി അർത്ഥം അവിടെ രാജധാനിയുണ്ടായിരിക്കും. ഇത് നിങ്ങളുടെ കുലമാണ്. വളരെ സഹജമാണ്, നമ്മൾ ബ്രാഹ്മണരിൽ നിന്നും ദേവതയാകുന്നവരാണ് അതുകൊണ്ട് തീർച്ചയായും ദൈവീക ഗുണം ധാരണ ചെയ്യണം. എന്താ സിഗററ്റും ബീഡിയുമൊക്കെ ദേവതകൾക്ക് ഭോഗ് വയ്ക്കുമോ?ശ്രീനാഥ ക്ഷേത്രത്തിൽ വളരെയധികം നെയ്യ് കൊണ്ടുള്ള ഭോഗ് തയ്യാറാക്കുന്നു. തീർത്ഥാടനക്കാർ അത് പോയി വാങ്ങുന്നു. മനുഷ്യർക്ക് വളരെയധികം ഭാവനയുണ്ട്. സത്യയുഗത്തിൽ അങ്ങനെയൊന്നും ഉണ്ടായിരിക്കില്ല. സാധനങ്ങളെ ചീത്തയാക്കുന്ന ഈച്ചകളൊന്നും ഉണ്ടായിരിക്കില്ല. അവിടെ അങ്ങനെയുള്ള അസുഖങ്ങളും ഉണ്ടായിരിക്കില്ല. വലിയ വലിയ ആൾക്കാർക്ക് വളരെയധികം ശുദ്ധതയുണ്ടായിരിക്കും. അവിടെ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ഉണ്ടായിരിക്കില്ല. രോഗവും ഉണ്ടായിരിക്കില്ല. ഈ രോഗങ്ങളെല്ലാം ദ്വാപരയുഗം മുതലാണ് ആരംഭിക്കുന്നത്. ബാബ വന്ന് നിങ്ങളെ സദാ ആരോഗ്യമുള്ളവരാക്കുന്നു. ബാബയെ ഓർമ്മിക്കുവാനുള്ള പുരുഷാർത്ഥം നിങ്ങൾ ചെയ്യുകയാണ്, അതിലൂടെ നിങ്ങൾ സദാ ആരോഗ്യമുള്ളവരായി മാറുന്നു. ആയുസ്സും വർദ്ധിക്കുന്നു. ഇന്നലത്തെ കാര്യമാണ്. 150 വയസ്സുണ്ടായിരുന്നു. ഇപ്പോൾ 40 – 45 വയസ്സാണ് ശരാശരി, കാരണം അവർ യോഗികളായിരുന്നു, ഇവർ ഭോഗികളും.

നിങ്ങൾ രാജയോഗികളും രാജഋഷിമാരുമാണ് അതുകൊണ്ട് നിങ്ങൾ പവിത്രമാണ്. എന്നാൽ ഇത് പുരുഷോത്തമ സംഗമയുഗമാണ്. മാസമോ വർഷമോ അല്ല. ബാബ പറയുന്നു ഞാൻ കല്പ കല്പം പുരുഷോത്തമ സംഗമയുഗത്തിലാണ് വരുന്നത്. ബാബ ദിവസവും മനസ്സിലാക്കി തരുന്നു. എന്നിട്ടും പറയുന്നു, ഒരു കാര്യം ഒരിയ്ക്കലും മറക്കരുത് – പാവനമാകണമെങ്കിൽ എന്നെ ഓർമ്മിക്കൂ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളേയും ത്യാഗം ചെയ്യൂ. ഇപ്പോൾ നിങ്ങൾക്ക് തിരികെ പോകണം. ഞാൻ വന്നിരിക്കുന്നത് നിങ്ങൾ ആത്മാക്കളെ ശുദ്ധമാക്കുവാൻ വേണ്ടിയാണ്, അതിലൂടെ പവിത്രമായ ശരീരവും ലഭിക്കും. ഇവിടെ വികാരത്തിലൂടെ ജന്മമെടുക്കുന്നു. ആത്മാവ് പവിത്രമാകുമ്പോൾ നിങ്ങൾ പഴയ ചെരുപ്പ് ഉപേക്ഷിക്കുന്നു. പിന്നെ പുതിയത് ലഭിക്കും. വന്ദേമാതരം എന്ന് നിങ്ങളെ കുറിച്ച് പാടുന്നുണ്ട്. നിങ്ങൾ ഭൂമിയേയും പവിത്രമാക്കുന്നു. നിങ്ങൾ മാതാക്കൾ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുന്നു. എന്നാൽ ഇത് ആരും അറിയുന്നില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം -**

1. ആത്മാവാകുന്ന ജ്യോതിയെ ജ്വലിപ്പിക്കുന്നതിനു വേണ്ടി അതിരാവിലെ എഴുന്നേറ്റ് ഓർമ്മയുടെ യാത്രയിലിരിക്കണം. ഓർമ്മയിലൂടെ തന്നെയാണ് അഴുക്ക് ഇല്ലാതാകുന്നത്. ആത്മാവിൽ പിടിച്ചിരിക്കുന്ന അഴുക്കിനെ ഓർമ്മയിലൂടെ ഇല്ലാതാക്കി സത്യമായ സ്വർണ്ണമാകണം.

2. ബാബയിൽ നിന്നും ഉയർന്ന പദവിയുടെ സമ്മാനം നേടുന്നതിനു വേണ്ടി ഭാവനയോടൊപ്പമൊപ്പം ജ്ഞാനമുള്ളവരും ഗുണമുള്ളവരുമാകണം. സേവനം ചെയ്ത് കാണിക്കണം.

## വരദാനം:- പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും പവിത്രതയുടെ അലങ്കാരത്തിന്റെ തിളക്കം കാണിക്കുന്ന അലങ്കാരിമൂർത്തിയായി ഭവിക്കട്ടെ.

പവിത്രത ബ്രാഹ്മണ ജീവിതത്തിന്റെ അലങ്കാരമാണ്. ഓരോ സമയത്തും പവിത്രതയുടെ അലങ്കാരത്തിന്റെ അനുഭൂതി മുഖത്തിലൂടെയും ചലനങ്ങളിലൂടെയും മറ്റുള്ളവർക്ക് ലഭിക്കണം. ദൃഷ്ടിയിൽ, മുഖത്തിൽ, കൈകളിൽ, പാദങ്ങളിൽ സദാ പവിത്രതയുടെ അലങ്കാരം പ്രത്യക്ഷമായിരിക്കണം. ഓരോരുത്തരും വർണ്ണന ചെയ്യണം ഇവരുടെ സ്വരൂപത്തിൽ പവിത്രത കാണപ്പെടുന്നു. നയനങ്ങളിൽ പവിത്രതയുടെ തിളക്കമുണ്ട്, മുഖത്ത് പവിത്രതയുടെ മന്ദഹാസമുണ്ട് . മറ്റൊരു കാര്യത്തിലും അവരുടെ ദൃഷ്ടി പോകില്ല- ഇതിനെത്തന്നെയാണ് പറയുന്നത്- പവിത്രതയുടെ അലങ്കാരം കൊണ്ട് അലങ്കരിക്കപ്പെട്ട മൂർത്തിയെന്ന്.

## സ്ലോഗൻ:- വ്യർത്ഥ സംബന്ധ-സമ്പർക്കവും അക്കൗണ്ട് കാലിയാക്കുന്നതാണ്, അതിനാൽ വ്യർത്ഥത്തെ സമാപ്തമാക്കൂ.